ഉത്തരം

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ മസ്ദൂർ തസ്തികയിൽ നിലവിൽ ഒഴിവുകളില്ലാത്തതിനാൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

കടമക്കുടിയിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ

53 (3207) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമക്കുടി കോരാനാടം കപ്പേളയ്ക്ക് സമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് രൂപരേഖ തയ്യാറാക്കി റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന് (ആർ.ഇ.സി.) സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ആർ.ഇ.സി. ഇക്കാര്യത്തിലുള്ള അഭിപ്രായം സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി ഡി.ഡി.യു.ജി.ജെ.വൈ. സ്കീമിൽ ഉൾപ്പെടുത്തി 9-7-2015-ൽ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ആർ.ഇ.സി. ഇക്കാര്യത്തിലുള്ള അഭിപ്രായം സർക്കാരിനെ അറിയിച്ചിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തിക്ക് ആർ.ഇ.സി.-യുടെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ ആർ.ഇ.സി.-യുടെ അനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കുട്ടനാട്ടിൽ വൈദ്യുതാഘാതംമൂലമുള്ള മരണങ്ങൾ

54 (3208) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ആറുകളുടേയും തോടുകളുടേയും കുറുകെ താഴ്ന്ന കിടക്കുന്ന വൈദ്യുതി ലൈനുകളിൽ നിന്നും ഷോക്കേറ്റ് മരണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വൈദ്യുതി ലൈനുകൾ ഉയർത്തുന്നതിനുള്ള അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ലൈനുകൾ താഴ്ന്നുകിടക്കുന്നതായി ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അവ ഉയർത്തി അപകടരഹിതമാക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ട്.

കമ്പനിവൽക്കരണം

55 (3209) ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി. ലിമിറ്റഡ് കമ്പനിയിൽ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന മാസ്റ്റർ ട്രസ്റ്റിന്റെ മൂലധന നിക്ഷേപമായി നിശ്ചയിച്ചിട്ടുള്ള തുക എത്രയാണ് ?

ഉത്തരം

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണത്തിനും മേൽനോട്ടത്തിനുമായി രൂപീകരിച്ചിട്ടുള്ള മാസ്റ്റർ ട്രസ്റ്റിന്റെ പ്രാഥമിക മൂലധനം പത്ത് ലക്ഷം രൂപയാണ്.

വൈദ്യുതിനിരക്ക് വർദ്ധനവും സെക്യൂരിറ്റി ഡെപ്പോസിറ്റും

56 (3210) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിനിരക്ക് വർദ്ധനവിനോടൊപ്പം കാലാകാലങ്ങളിൽ സെക്യൂരിറ്റി തുക ഈടാക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണ്;

(ബി) ഒരു ഗാർഹിക ഉപഭോക്താവ് എത്ര തുകയാണ് ഡെപ്പോസിറ്റായി നൽകേണ്ടത്?

ഉത്തരം

(എ) സപ്ലൈ കോഡ് 2014-ന്റെ 73-ലെ വ്യവസ്ഥയനുസരിച്ച് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ, മുൻവർഷത്തെ ശരാശരി മാസ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക നിർണ്ണയിക്കുന്നത്. പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly